**ജില്ലാ ഖാദി ഗ്രാമ വ്യവസായ ആഫീസ്, ഇലന്തൂർ, പത്തനംതിട്ട**

നം. പി.റ്റി.എ 1895/2018/ഖാദി തീയതി. 22.11.2021

**ലേലപരസ്യം**

പത്തനംതിട്ട ജില്ലാ ഖാദി ഗ്രാമ വ്യവസായ ആഫീസിനുകീഴിൽ പ്രവർത്തിക്കുന്ന റാന്നി -പെരുനാട് ഖാദി ഉല്പാദനകേന്ദ്രത്തിന്റെ വളപ്പിൽ മുറിച്ചിട്ടിരിക്കുന്ന Rs.137285/- രൂപ (ഒരു ലക്ഷത്തി മുപ്പത്തിയേഴായിരത്തി ഇരുനൂറ്റി എൺപത്തിയഞ്ച് രൂപ മാത്രം) അടിസ്ഥാന വില നിശ്ചയിച്ചിട്ടുള്ള ഉദ്ദേശം 1.6 ക്യൂബിക് മീറ്റർ തേക്കുതടി നിലവിലുള്ള അവസ്ഥയിൽ, ഇതു സംബന്ധിച്ചുള്ള സർക്കാർ നടപടിക്രമം പാലിച്ച് **08.12.2021 തീയതി ചൊവ്വാഴ്ച പകൽ 11.30 മണിയ്ക്ക്** ടി കേന്ദ്ര പരിസരത്ത് വച്ച് പൊതുലേലം ചെയ്ത് വില്ക്കുന്നു.

ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ള വ്യക്തികൾ ആയതിലേക്ക് 3500/- രൂപ (മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) നിരതദ്രവ്യം ഒടുക്കേണ്ടതാണ്. നിരതദ്രവ്യം പ്രോജക്ട് ആഫീസർ, പത്തനംതിട്ടയുടെ പേരിൽ ഡിമാൻഡ് ഡ്രാഫ്റ്റായോ, ആഫീസിൽ നേരിട്ട് പണമായോ ഒടുക്കാവുന്നതാണ്.

ലേല നടപടിയ്ക്കായി മുദ്രവച്ച കവറിൽ ദർഘാസുകളും സമർപ്പിക്കാവുന്നതാണ് . ദർഘാസുകൾ ലേലത്തീയതിയുടെ മുൻദിവസമായ 07.12.2021 ൽ പകൽ മൂന്ന് മണിയ്ക്ക് മുമ്പായി ആഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

ദർഘാസിലും, പൊതുലേലത്തിലും പൊതുവായി പങ്കെടുക്കുന്നവർ ഒരു നിരതദ്രവ്യം ഒടുക്കിയാൽ മതിയാകുന്നതാണ്. എന്നാൽ ഡിമാന്റ് ഡ്രാഫ്റ്റ്/ രസീതിന്റെ പകർപ്പ് ദർഘാസിനോടൊപ്പവും , ലേലസമയത്ത് കൈവശവും സൂക്ഷിച്ചിരിക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ആയതിന്റെ കോപ്പിയും കൈയ്യിൽ കരുതേണ്ടതാണ്.

ലേലം കൈക്കൊള്ളുന്നയാൾ ലേലം കൊണ്ട വിലയുടെ 35% തുക നിരതദ്രവ്യം കഴിച്ച് അന്നേദിവസം തന്നെ ആഫീസിൽ ഒടുക്കേണ്ടതും, ബാക്കി തുക ലേലത്തീയതി മുതൽ അവധി ദിവസമടക്കം 7 ദിവസത്തിനുള്ളിൽ മുഴുവൻ നികുതി ഉൾപ്പെടെ ആഫീസിൽ ഒടുക്കി സ്വന്തം ചെലവിൽ തന്നെ മറ്റ് കഷ്ടനഷ്ടങ്ങൾ ഉണ്ടാകാതെ സ്ഥാപന പരിസരത്തുനിന്നും ലേലവസ്തു നീക്കം ചെയ്യേണ്ടതുമാണ്.

ലേലം കൊള്ളുന്നയാൾ മൊത്തം ലേലതുകയും 5% തുക വനവികസനനികുതിയായിട്ടും, ലേലത്തുകയും, വനംവികസനനികുതിയും ചേർന്നുള്ള തുകയുടെ 18% ചരക്ക് സേവനനികുതിയായും ഒടുക്കേണ്ടതാണ്. വനം വികസന നികുതി തുക ലേലത്തീയതിയിൽ തന്നെ ആഫീസിൽ ഒടുക്കേണ്ടതാണ് . ലേലം കൊള്ളുന്നയാൾ ലേലനടപടിയിൽ നിന്നും പിൻമാറുകയോ മൊത്തം തുക ഒടുക്കാതിരിക്കുകയോ വ്യവസ്ഥകൾ ലംഘിയ്ക്കുകയോ ചെയ്യുന്ന പക്ഷം ലേലനടപടി അസാധുവാകുന്നതും , നിരതദ്രവ്യം അടക്കം അതുവരെ ഒടുക്കിയ തുക ആഫീസ് മുതൽക്കൂട്ടുന്നതുമായിരിക്കും.

ലേലവസ്തു ആഫീസ് പ്രവൃത്തി ദിനങ്ങളിൽ ആഫീസ് പ്രവൃത്തി സമയത്ത് ടി കേന്ദ്രത്തിൽ പരിശോധിയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0468 2362070, 9495408275 എന്നീ ടെലിഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ലേലത്തീയതിയും, സമയവും മാറ്റം വരുത്തുന്നതിനും, ലേല നടപടിക്രമങ്ങളും ഏത് ദർഘാസുകളും റദ്ദുചെയ്ത് നിരസിയ്ക്കാനുള്ള അധികാരവും പ്രോജക്ട് ആഫീസിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(ഒപ്പ്)

പ്രോജക്ട് ആഫീസർ

ആഫീസ് നോട്ടീസ് ബോർഡ്

റാന്നി -പെരിനാട് ഖാദി കേന്ദ്രം നോട്ടീസ് ബോർഡ്

ഡി.എഫ്.ഒ ആഫീസ്, റാന്നി നോട്ടീസ് ബോർഡ് (CL സഹിതം)

പത്തനംതിട്ട കളക്ടേറ്റ് നോട്ടീസ് ബോർഡ് (CL സഹിതം)

റാന്നി പഞ്ചായത്താഫീസ് നോട്ടീസ് ബോർഡ് (CL സഹിതം)

പെരുനാട് വില്ലേജ് ആഫീസ് നോട്ടീസ് ബോർഡ് (CL സഹിതം)

സാമൂഹ്യവനവത്ക്കര എ .എഫ്.ഡി ആഫീസ്, കോന്നി നോട്ടീസ് ബോർഡ് (CL സഹിതം)